**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 202** **02.03.2020-ൽ മറുപടിയ്ക്ക്**

## കോവിഡ്-19 (കൊറോണ) വൈറസ്

**ചോദ്യം**

**ശ്രീ.കെ.ജെ. മാക്സി**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) കോവിഡ്-19 (കൊറോണ) വൈറസ് ഇന്ത്യ ഉൾപ്പടെ പല രാജ്യങ്ങളിലും പ്രത്യേകിച്ച് സംസ്ഥാനത്തും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ചെയ്ത പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും എത്ര പേർ നിരീക്ഷണത്തിലെത്തിയെന്നും നിലവിൽ അവരുടെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ;

എ) ചൈനയിൽ കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, IDSP-യും, കേന്ദ്ര രോഗനിരീക്ഷണ യൂണിറ്റ് തുടങ്ങിയവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി ജില്ലാ ഓഫീസുകളിലേയ്ക്ക് അയച്ച് അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനതലത്തിൽ ബഹു.മന്ത്രിമാരുടെ നേതൃത്വത്തിൽ ഉന്നതതലയോഗം, ദ്രുതകർമ്മ-സേനായോഗം, മാധ്യമയോഗം എന്നിവയും നടത്തി. രോഗനിരീക്ഷണം, ചികിത്സ, പ്രതിരോധം, ബോധവൽക്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽ നിന്നും എത്തുന്ന യാത്രികരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ 28 ദിവസം വീട്ടുകളിൽ പ്രത്യേകം മാറ്റിപ്പാർപ്പിച്ച് നിരീക്ഷിക്കുവാനും, രോഗലക്ഷണങ്ങൾ ഉള്ളവരെ ഗവ.മെഡിക്കൽ കോളേജുകൾ, ജില്ലാ/ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ള ഐസൊലേഷൻ റൂമുകളിൽ പ്രവേശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. സംസ്ഥാന/ജില്ലാ തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജീകരിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി മരുന്നുകളും, വ്യക്തിഗത സുരക്ഷ ഉപകരണങ്ങളും മറ്റും സംഭരിച്ച് വിതരണം ചെയ്തു വരുന്നു.

രോഗസ്ഥിരീകരണത്തിനായി ആദ്യ ഘട്ടത്തിൽ സാംപിളുകൾ പൂനെയിലെ ദേശീയ വൈറോളജി യൂണിറ്റിലും ഇപ്പോൾ ആലപ്പുഴയിലെ വൈറോളജി യൂണിറ്റിലും അയച്ചു വരുന്നു. ആരോഗ്യ-പ്രവർത്തകർക്കും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പത്ര/ദൃശ്യ/ശ്രവ്യ/ സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആരോഗ്യ-വകുപ്പിന്റെ വെബ് സൈറ്റിലൂടെയും ആവശ്യമായ അവബോധം നൽകി വരുന്നു.

ആരോഗ്യ വകുപ്പ് മന്ത്രിയുടെയും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും നേതൃത്വത്തിൽ പ്രതിദിന പ്രവർത്തന പുരോഗതി റിപ്പോർട്ടുകൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

വ്യക്തിശുചിത്വ ബോധവത്കരണ നിർദ്ദേശങ്ങളും പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്. രോഗം സംബന്ധിച്ച് പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, ആരോഗ്യവകുപ്പ്, ടൂറിസം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുകയും, ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഫെബ്രുവരി 24-ാം തീയതി വരെ 3980 പേരാണ് ആകെ നിരീക്ഷണത്തിലുണ്ടായിരുന്നത്. നിരീക്ഷണകാലം പൂർത്തിയായ മുറയ്ക്ക് ഇതിൽ 3845 പേരെ നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 135 പേരാണ് നിലവിൽ നിരീക്ഷണത്തിലുള്ളത്. ഇതിൽ 128 പേർ വീട്ടുകളിലും, 7 പേർ വിവിധ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 2020 ഫെബ്രുവരി 24 വരെ 449 പേരെ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 3 പേർക്ക് മാത്രമാണ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. ഈ മൂന്നുപേരുടെയും പരിശോധനാഫലം നെഗറ്റീവ് ആയതിനെ തുടർന്ന് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്ത് വീടുകളിൽ നിരീക്ഷണത്തിൽ കഴിയുകയാണ്.

അവരുടെ ആരോഗ്യനില തൃപ്തികരമായി തുടരുന്നു.

**ബി)** പ്രസ്തുത രോഗബാധയുടെ ചികിത്സയ്ക്കായി കേന്ദ്ര സഹായം ഉൾപ്പെടെ ലോക രാജ്യങ്ങളുടെയും ലോകാരോഗ്യ സംഘടനകളുടെയും എന്തെല്ലാം സഹായം സംസ്ഥാന ആരോഗ്യ വകുപ്പിന് ലഭ്യമായി എന്നു വ്യക്തമാക്കുമോ;

**സി)** പ്രസ്തുത പ്രവർത്തനങ്ങൾക്കും രോഗബാധിതരെ സഹായിക്കുവാനുമായി എന്തെല്ലാം സഹായം സംസ്ഥാന സർക്കാരും ആരോഗ്യവകുപ്പും കേന്ദ്രസർക്കാരിനോടഭ്യർത്ഥിച്ചുവെന്നും ലഭ്യമായവ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ?

**ബി) യും സി) യും** കൊറോണ വൈറസ് രോഗബാധ ചൈനയിൽ റിപ്പോർട്ട് ചെയ്ത വിവരം ലഭ്യമായ ഉടൻ തന്നെ കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, ലോകാരോഗ്യ സംഘടന തുടങ്ങിയവയിൽ നിന്നും ലഭ്യമാക്കിയ നിർദ്ദേശങ്ങൾ, ചികിത്സയും ലബോറട്ടറി പരിശോധനയും മറ്റുമുള്ള മാർഗ്ഗ രേഖകൾ, റിപ്പോർട്ടിംഗ് ഫോർമാറ്റുകൾ തുടങ്ങിയവ എല്ലാ ജില്ലകൾക്കും അയച്ചു കൊടുത്തു.

ലോകാരോഗ്യ സംഘടനയുടെ സർവൈലൻസ് മെഡിക്കൽ ഓഫീസർമാർ സംസ്ഥാനതല കൺട്രോൾ റൂമിൽ പ്രൈവറ്റ് ഹോസ്പിറ്റൽ കോ-ഓർഡിനേഷൻ ടീമിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി പ്രവർത്തിച്ചിരുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും കൊറോണ രോഗബാധക്കെതിരെയുള്ള പ്രവർത്തനങ്ങളും ഒരുക്കങ്ങളും വിലയിരുത്തുന്നതിനായി വിദഗ്ധ സംഘം കൊച്ചി, തിരുവനന്തപുരം വിമാനത്താവളം ഉൾപ്പെടെയുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

കൊറോണ വൈറസ് രോഗബാധ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 14000 പേഴ്സണൽ പ്രൊട്ടക്ടീവ് എക്യുപ്മെന്റുകൾ, 50000 N-95 മാസ്കുകൾ, 200000 ട്രിപ്പിൾ ലേയർ മാസ്കുകൾ, 200 മില്ലീ ലിറ്ററിന്റെ 28000 ഹാൻഡ് റബ് ലിക്വിഡ് എന്നിവ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയം വഴി 1000 പേഴ്സണൽ പ്രൊട്ടക്ടീവ് എക്യുപ്മെന്റുകളും N95 മാസ്കുകൾ 5000 എണ്ണവും ലഭ്യമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**